**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഫോൺ സംഭാഷണം ചോർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടെലികമ്മ്യൂണിക്കേഷൻ ആക്റ്റ് പ്രകാരം വ്യക്തികളുടെ ഫോൺ സംഭാഷണം ചോർത്തുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളതെന്നും അതിനുള്ള നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | 2023 ലെ ഇന്ത്യൻ ടെലി കമ്മ്യൂണിക്കേഷൻ ആക്റ്റ് സെക്ഷൻ 20; ഇന്ത്യൻ ടെലഗ്രാഫ് ആക്റ്റ് 1885 സെക്ഷൻ 5(2); ഇന്ത്യൻ ടെലഗ്രാഫ് റൂൾസ് 2007 സെക്ഷൻ 419 (A); ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് 2000 (ഭേദഗതി 2008) സെക്ഷൻ 69 എന്നിവ പ്രകാരം ഏതെങ്കിലും പൊതു അടിയന്തരാവസ്ഥ, പൊതു സുരക്ഷയുടെ താൽപ്പര്യം, ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയും, സംസ്ഥാനത്തിന്റെ സുരക്ഷ, വിദേശരാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധം അല്ലെങ്കിൽ പൊതുക്രമം അല്ലെങ്കിൽ ഒരു കുറ്റകൃത്യം ചെയ്യാനുള്ള പ്രേരണ തടയുന്നതിന് വേണ്ടി അങ്ങനെ ചെയ്യേണ്ടത് ആവശ്യമോ ഉചിതമോ ആണെന്ന് ബോധ്യപ്പെട്ടാൽ അപ്രകാരം പ്രവർത്തികളിൽ ഏർപ്പെടുന്ന വ്യക്തിയുടെ/ വ്യക്തികളുടെ ഫോൺ സന്ദേശങ്ങൾ നിരീക്ഷിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് അനുമതി നൽകാവുന്നതാണ്.<br><br>മേൽ സൂചിപ്പിച്ച തരത്തിൽ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷ പ്രസ്തുത കാര്യത്തിന് അനുവാദം നൽകുവാൻ അധികാരമുള്ള സംസ്ഥാന സർക്കാരിലെ ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും അനുവാദം നേടിയ ശേഷം നിയമപരമായി അത്തരം വ്യക്തികളുടെ ഫോൺ നിരീക്ഷിക്കാവുന്നതുമാണ്.<br><br>ചില അടിയന്തര സാഹചര്യങ്ങളിൽ മേൽ പ്രസ്താവിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തിയുടെ/ വ്യക്തികളുടെ ഫോൺ സംഭാഷണങ്ങൾ പോലീസ് ഇൻസ്പെക്ടർ ജനറൽ തസ്തികയിൽ കുറയാത്ത ചുമതല വഹിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥന്റെ അനുമതിയോടെ ഏഴ് ദിവസത്തേയ്ക്ക് നിരീക്ഷിക്കാവുന്നതാണ്. എന്നാൽ അത്തരം ശുപാർശകൾ അടുത്ത ഏഴ് ദിവസത്തിനകം മേൽ സൂചിപ്പിച്ച രീതിയിൽ അനുമതി നേടേണ്ടതുമാണ്. |
| (ബി) | നിയമവിരുദ്ധമായി ഫോൺ സംഭാഷണം ചോർത്തുന്നതിനുള്ള ശിക്ഷാനടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ടെലികമ്മ്യൂണിക്കേഷൻ ആക്ട് 2023- ലെ സെക്ഷൻ 42(2)(a)(b) പ്രകാരം നിയമവിരുദ്ധമായി ഫോൺ സംഭാഷണം ചോർത്തുന്നത് മൂന്ന് വർഷം വരെ തടവ് ശിക്ഷയോ അല്ലെങ്കിൽ രണ്ട് കോടി രൂപ വരെ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. |
| (സി) | സംസ്ഥാനത്തെ ഭരണാധികാരികളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ടെലഫോൺ സംഭാഷണം ചോർത്തിയതായി ഭരണകക്ഷി എം.എൽ.എ. വെളിപ്പെടുത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഗുരുതരമായ കുറ്റകൃത്യം ചെയ്തുവെന്ന് സ്വയം വെളിപ്പെടുത്തിയ പ്രസ്തുത വ്യക്തിക്കെതിരെ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ഭരണാധികാരികളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ഫോൺ സംഭാഷണം ചോർത്തിയതായി ഒരു എം.എൽ.എ വെളിപ്പെടുത്തിയത് ഗൗരവത്തോടെ കാണുന്നുണ്ട്. ഇക്കാര്യത്തിൽ കോട്ടയം ജില്ലയിലെ കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ ക്രൈം. നമ്പർ 1005/2024 U/s 192 BNS & 42(2)(a) (b) of Telecommunication Act 2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ